"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ- ഇരിക്കൂർ മുൻ എം.എൽ.എ ശ്രീ.കെ.സി.ജോസഫ് അവർകളുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട കണ്ണൂർ ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ കാലാങ്കി ഗവ.എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് പകരം ശ്രീകണ്ഠാപുരം നഗരസഭയിലെ കാഞ്ഞിലേരി-മൈക്കിൾഗിരി ബ്ലാത്തൂർ റോഡ് നവീകരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി പുതുക്കി നല്കി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയം ഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.367/2022/LSGD   തീയതി,തിരുവനന്തപുരം, 19-02-2022

---

പരാമർശം:-

1. 08.05.2017 ലെ സ.ഉ.(സാധാ) നം.1470/17 തസ്വഭവ
2. 13.01.2020 ലെ സ.ഉ(സാധാ).നം.331/2020/ധന
3. ഇരിക്കൂർ എം.എൽ.എ ശ്രീ.കെ.സി.ജോസഫ് അവർകളുടെ 22.02.2021 ലെ കത്ത്
4. നിലവിലെ എം.എൽ.എ അഡ്വ.സജീവ് ജോസഫ് അവർക്കളുടെ 04.12.2021 ലെ കത്ത്
5. തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 11.01.2022 ലെ ഡിബി5/9949/21/സിഇ/തസ്വഭവ നമ്പർ കത്ത്

<u>ഉത്തരവ്</u>

ഇരിക്കൂർ മുൻ എം.എൽ.എ ശ്രീ.കെ.സി.ജോസഫ് അവർകളുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ഇരിക്കൂർ ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ കാലാങ്കി ഗവ.എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് പരാമർശം(1) പ്രകാരം 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ കെട്ടിട നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലത്തു കഴിഞ്ഞ പ്രളയത്തിൽ ശക്തമായ മണ്ണിടിച്ചിൽ ഉണ്ടാവുകയും, മേൽ പ്രദേശത്ത് നിർമ്മാണ പ്രവൃത്തികൾ നടത്താൻ കഴിയില്ലായെന്ന് ബോധ്യപ്പെടുകയും തുടർന്ന് മേൽ പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് പകരം കാഞ്ഞിലേരി-മൈക്കിൾഗിരി ബ്ലാത്തൂർ റോഡ് നവീകരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ ഇരിക്കൂർ മുൻ എം എൽ എ ശ്രീ കെ സി ജോസഫ് പരാമർശം(3) പ്രകാരം ആവശ്യപ്പെടുകയും ചെയ്തിരുന്നു.

കാലാങ്കി ഗവ.എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് പകരം ശ്രീകണ്ഠാപുരം നഗരസഭയിലെ കാഞ്ഞിലേരി-മൈക്കിൾഗിരി ബ്ലാത്തൂർ റോഡ് നവീകരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്നതിന് പരാമർശം(2) പ്രകാരം

പ്രത്യേകാനുമതി നല്കി ഉത്തരവായിട്ടുണ്ട്.പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിലെ എം.എൽ.എ അഡ്വ.സജീവ് ജോസഫ് അവർക്കളും പരാമർശം(3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. ശ്രീകണ്ഠാപുരം നഗരസഭയിലെ കാഞ്ഞിലേരി-മൈക്കിൾഗിരി ബ്ലാത്തൂർ റോഡ് നവീകരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(4) പ്രകാരം സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇരിക്കൂർ മുൻ എം.എൽ.എ ശ്രീ.കെ.സി.ജോസഫ് അവർകളുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ കാലാങ്കി ഗവ.എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ പരാമർശം(1) പ്രകാരമുള്ള ഭരണാനുമതി റദ്ദ് ചെയ്ത് പകരം ശ്രീകണ്ഠാപുരം നഗരസഭയിലെ കാഞ്ഞിലേരി-മൈക്കിൾഗിരി ബ്ലാത്തൂർ റോഡ് നവീകരണം എന്ന പ്രവൃത്തിക്ക് 30 ലക്ഷം രൂപയുടെ ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി

പകർപ്പ്

ചീഫ് എഞ്ചിനീയർ തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
സെക്രട്ടറി, ശ്രീകണ്ഠാപുരം നഗരസഭ
സെക്രട്ടറി, ഉളിക്കൽ ഗ്രാമ പഞ്ചായത്ത്
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ഓഡിറ്റ്) കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് II , കേരള തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫോർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Manju

സെക്ഷൻ ഓഫീസർ